LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്

24(28) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കും മറ്റു മന്ത്രിമാർക്കുമായുള്ള പേഴ്സണൽ സ്റ്റാഫുകളുടെ എണ്ണം എത്ര എന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ എത്രപേർ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരായിട്ടുള്ളവരാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മന്ത്രിമാരുടെ വിദേശയാത്ര

25(29) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാർ വിദേശയാത്ര നടത്തുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മന്ത്രിമാർ നടത്തിയിട്ടുള്ള വിദേശയാത്രകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്ക് വിധേയമായാണ് മന്ത്രിമാർ വിദേശയാത്ര നടത്തുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാർ നടത്തിയിട്ടുള്ള വിദേശയാത്രകളുടെ ലഭ്യമായ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* അന്തിമ മറുപടി ശേഖരിച്ച് നൽകുന്നതാണ്.

മന്ത്രിമാരുടെ വിദേശയാത്ര

26 (30) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ എത്ര മന്ത്രിമാരാണ് വിദേശയാത്ര നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.